നമുക്കു കുട്ടികളെ പഠിപ്പിക്കുക. ഫ്രോയ്ബെലിന്റെ വിദ്യാഭ്യാസാദർശവും ജീവിതസന്ദേശവും എല്ലാം അതിൽ അടങ്ങിയിരിക്കുന്നു. കുട്ടികൾക്ക് കളിയിലൂടെ ജീവിതോപയോഗിയായ വിദ്യാഭ്യാസം നേടുന്നതിനുള്ള ഉപകരണങ്ങളായി അദ്ദേഹം രൂപപ്പെടുത്തിയ ക്യൂബിന്റെയും സിലിണ്ടറിന്റെയും ഗോളത്തിന്റെയും ചിത്രങ്ങൾ ജർമനിയിൽ തുരിംഗിയ സംസ്ഥാനത്തിൽ ഷൈചന എന്ന സ്ഥലത്തുള്ള അദ്ദേഹത്തിന്റെ ശ്മശാനശിലയിൽ കൊത്തിവെച്ചിട്ടുണ്ട്.

ഈ വിദ്യാഭ്യാസചിന്തകന്റെ ഇരുന്നൂറാം വാർഷികം ഇന്ത്യയിൽ ആഘോഷിക്കപ്പെടുകയുണ്ടായില്ല. ഈ അവസരത്തിൽ മഹാനായ ഈ വിദ്യാഭ്യാസ ചിന്തകനെ, 'ബാലോദ്യാന'ങ്ങളുടെ ഈ ആവിഷ്ക്കർത്താവിനെ, നാം ഓർമിക്കാതിരുന്നതു കഷ്ടമായി.

22 മെയ്, 1982

# 98. എം. സി. ജോസഫ്

ഞാൻ ഇതെഴുതുമ്പോൾ എം. സി. ജോസഫിന്റെ ശരീരം കോഴിക്കോട്ട് മെഡിക്കൽ കോളേജിലെ ഡിസെക്ഷൻ ഹാളിൽ ഏതെങ്കിലുമൊരു മേശപ്പുറത്തു മലർന്നുകിടക്കുകയായിരിക്കും. മൃതശരീരത്തിനു സ്വാഭാവികമായി സംഭവിക്കുന്ന അഴുകലും, അഴുകലിനെ താല്ക്കാലികമായി ചെറുക്കുന്ന ഫോർമലിൻ ദ്രാവകവും ചേർന്ന് ആ ശരീരത്തിന്, ഡിസെക്ഷൻ ഹാളിലെ 'കഡാവറു'കളുടെ സവിശേഷതയായ പ്രത്യേക നിറവും പ്രത്യേക ഗന്ധവും നല്കിയിട്ടുണ്ടാവും. സൂക്ഷ്മതയോ പരിചയമോ ഇല്ലാത്ത വിദ്യാർത്ഥികളുടെ ശസ്ത്രപ്രയോഗമേറ്റ് അതിന്റെ ഏതാനും ഭാഗങ്ങൾ ഇതിനകംതന്നെ നഷ്ടപ്പെട്ടിരിക്കാനും ഇടയുണ്ട്.

വ്യർത്ഥമായ വ്യസനത്തോടും അകാരണമായ നടുക്കത്തോടും കൂടി ആ രംഗം സങ്കല്പിക്കുവാൻ ശ്രമിക്കുംതോറും എന്റെ ഓർമയിൽ തെളിഞ്ഞുവരുന്നത് ഏതാണ്ട് ഒന്നര വർഷം മുമ്പ് ഇരിങ്ങാലക്കുടയിലുള്ള വീട്ടിൽ ചെന്ന് എം. സി. യെ ഞാൻ സന്ദർശിച്ച സന്ദർഭമാണ്. ഒരു പഞ്ചായത്തു തലസ്ഥാനത്തിൽനിന്ന് ഏറെയൊന്നും വളർന്നുകഴിഞ്ഞിട്ടില്ലാത്ത ഇരിങ്ങാലക്കുട നഗരം കഴിഞ്ഞ ഏതാനും ദശകങ്ങളായി കേരളത്തിലെ സംസ്കാരപ്രണയികളുടെ സ്മരണയിലെത്തിയിരുന്നതു യുക്തിവാദാചാര്യനായ എം. സി. ജോസഫിന്റെ ആവാസസ്ഥലം എന്ന നിലയിലായിരുന്നുവല്ലോ. വാർദ്ധക്യത്തിന്റെ അപരിഹാര്യമായ അവശതയ്ക്കു വിധേയനായി കഴിഞ്ഞിരുന്ന എം. സി. യെ സന്ദർശിക്കുവാൻകൂടിയാണ് അന്നു ഞാൻ ഇരിങ്ങാലക്കുടയിലെത്തിയത്. അദ്ദേഹത്തിന്റെ പുത്രൻ, കട്ടിലിൽ ചെരിഞ്ഞ് ചുമർ നോക്കി കിടന്നിരുന്ന അപ്പനെ വിളിച്ച് ഞാൻ വന്ന വിവരം അറിയിച്ചു. എം. സി. തിരിഞ്ഞു കിടന്ന് എന്നെ നോക്കി ചിരിച്ചു. എത്രയോ തവണ ഞാൻ കണ്ടു പരിചയിച്ചിട്ടുള്ള വാത്സല്യോഷ്മളമായ ആ ചിരിയും ആ ചിരിയുടെ പിന്നിലുള്ള ഊർജസ്വലമായ വ്യക്തിത്വവും ഒരിക്കലും എന്റെ ഓർമയിൽനിന്നു മാഞ്ഞുപോവുകയില്ല. മെഡിക്കൽ കോളേജിലെ ഡിസെക്ഷൻ ഹാളല്ല, മറ്റു പല രംഗങ്ങളുമാണ്, ആ സ്മരണയുമായി സ്വാഭാവികമായി ബന്ധപ്പെട്ടിരിക്കുന്നത്.

പതിനെട്ടാം നൂറ്റാണ്ട് യൂറോപ്പിൽ യുക്തിയുടെയും ഗദ്യത്തിന്റെയും കാലഘട്ടമായിരുന്നു എന്നു പറയാറുണ്ട്. തൊണ്ണൂറ്റഞ്ചു വർഷം

മുമ്പു ജനിച്ച എം. സി. ജോസഫ് ഉൾക്കൊണ്ടതു് ഈ ദ്വിവിധ പൈതൃകമാണ്—യുക്തിയുടെയും ഗദ്യത്തിന്റെയും പൈതൃകം. ബ്രാഡ്‌ലാ, ഇംഗർസോൾ, റസ്സൽ മുതലായവരുടെ പൈതൃകമായിരുന്ന അതു്. ആ പൈതൃകം ഉൾക്കൊണ്ടവർ ആരുംതന്നെ സാമാന്യബുദ്ധിക്കു നിരക്കാത്ത ഒന്നും, വെറും വിശ്വാസത്തിന്റെ പേരിൽ സ്വീകരിക്കാൻ തയ്യാറായിരുന്നില്ല. കത്തോലിക്കാമതത്തെ എന്നപോലെ കമ്യൂണിസത്തെയും എം. സി. നിരസിച്ചതു് ഇക്കാരണത്താലാണ്. ഈ നിരാസത്തെച്ചൊല്ലി അദ്ദേഹത്തെ 'മെക്കാനിക്കൽ' യുക്തിവാദിയെന്നു് ആക്ഷേപിക്കുന്നവരുണ്ടു്. ആരുടെയും ആക്ഷേപം വകവെക്കാതെ അദ്ദേഹം സാമാന്യബുദ്ധിയുടെ ഭാഗത്തു നിന്നു് നാട്ടിലെ നാനാതരം അന്ധവിശ്വാസങ്ങളോടു പൊരുതുകയാണു് സ്വധർമമെന്നു കണ്ടറിഞ്ഞ അദ്ദേഹം രാഷ്ട്രീയമായ അധികാരം പിടിച്ചുപററലിനൊന്നും പോയില്ല. രാഷ്ട്രീയപ്രസ്ഥാനവുമായി ബന്ധപ്പെട്ടപ്പോൾതന്നെ ആ പ്രസ്ഥാനത്തിലെ മധ്യമാർഗമായ ദേശീയ സ്വാതന്ത്ര്യ-ജനാധിപത്യ-പ്രസ്ഥാനത്തിനാണു് അദ്ദേഹം തന്റെ സേവനമർപ്പിച്ചതു്.

പക്ഷേ, അന്ധവിശ്വാസങ്ങളോടുള്ള പോരാട്ടത്തിൽ അദ്ദേഹം കേരളത്തിൽ മററാരേക്കാളും തീവ്രവാദിയായിരുന്നു. ചുരുക്കം കോപ്പികൾ മാത്രം പ്രചരിച്ചിരുന്നതെങ്കിലും ഒരിക്കലും തീയതി തെററാതെ പുറത്തു വന്നുകൊണ്ടിരുന്ന 'യുക്തിവാദി'യിലെ പരിമിതങ്ങളായ പേജുകളിലൂടെയാണു് അദ്ദേഹം തന്റെ 'കുരിശുയുദ്ധം' നിരന്തരം നടത്തിപ്പോന്നതു്.

1950-ൽ മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ ചുമതല ഏറെറടുത്ത ശേഷമാണു് എം. സി. യുമായി ഞാൻ അടുത്തതു്. ലേഖനങ്ങൾക്കുവേണ്ടിയുള്ള എന്റെ അഭ്യർത്ഥനകൾ ഒരിക്കലും അദ്ദേഹം നിരസിച്ചിട്ടില്ല. വിചിത്രങ്ങളായ മതാചാരങ്ങൾ, അന്ധവിശ്വാസങ്ങൾ മുതലായവയെപ്പററി ഇന്ത്യയിലെയും വിദേശങ്ങളിലെയും പത്രങ്ങളിൽ വരുന്ന വിവരങ്ങൾ ഞാൻ വെട്ടിയെടുത്തു് അദ്ദേഹത്തിന്നയയ്ക്കുകയും, അവയെ വിശദീകരിച്ച് ലേഖനങ്ങളെഴുതാൻ അഭ്യർത്ഥിക്കുകയും ചെയ്യാറുണ്ടായിരുന്നു. ഈ ആചാരങ്ങളുടെയും വിശ്വാസങ്ങളുടെയും അടിസ്ഥാനങ്ങളെപ്പററി ഗവേഷണം ചെയ്തു്, പാണ്ഡിത്യപൂർണങ്ങളും പഠനീയങ്ങളുമായ ലേഖനങ്ങൾ ഏറെ താമസിയാതെ അദ്ദേഹം അയച്ചുതന്നിരുന്നു. കത്തോലിക്കാമതത്തിലെ അന്ധവിശ്വാസങ്ങളെ എതിർക്കാൻ അദ്ദേഹം മിക്കപ്പോഴും കാത്തലിക് എൻസൈക്ലോപ്പീഡിയയിൽനിന്നാണു പ്രമാണം ഉദ്ധരിക്കാറുള്ളതു്! സുദൃഢങ്ങളും സർവസമ്മതങ്ങളുമായ പ്രമാണങ്ങളുടെ അടിസ്ഥാനത്തിലല്ലാതെ ഒരിക്കലും അദ്ദേഹം അഭിപ്രായങ്ങൾ ഒഴുക്കൻമട്ടിൽ പ്രകാശിപ്പിക്കാറുണ്ടായിരുന്നില്ല. എം. സി. യുടെ വാക്സംയമത്തിന്റെയും യുക്തിഭദ്രതയുടെയും മുമ്പിൽ ഏതു വിശ്വാസിക്കും തല കുനിക്കാനേ തോന്നുമായിരുന്നുള്ളു. അന്ധമായി അദ്ദേഹത്തെ എതിർക്കുക, അല്പമെങ്കിലും ചിന്താശക്തിയുള്ളവർക്കു് അസാദ്ധ്യമായിരുന്നു.

കാണൽ വിശ്വസിക്കൽ ആണല്ലോ. പ്രേതബാധ, ചാത്തന്റെ ഉപദ്രവം മുതലായവ സംബന്ധിച്ച, കേരളത്തിൽ വ്യാപകങ്ങളായിരുന്ന അന്ധവിശ്വാസങ്ങളെ അദ്ദേഹം അത്യന്തം ലാഘവത്തോടെ ഊതിപ്പറപ്പിച്ചുകളഞ്ഞു. ലഘു മനോരോഗങ്ങളുടെ ഫലമായി പലരിലും കണ്ടിരുന്ന പ്രേതബാധ എന്ന പ്രതിഭാസം ഹിപ്നോട്ടിസംകൊണ്ടു് അദ്ദേഹം തീരെ മാററി. ചാത്തന്റെ ഉപദ്രവങ്ങൾക്കു പിന്നിലുള്ള മനോരോഗികളെയും കുബുദ്ധികളെയും കണ്ടുപിടിക്കുന്ന കാര്യത്തിൽ അദ്ദേഹം കുററാന്വേഷണവിദഗ്ദ്ധരുടെ അപഗ്രഥനചാതുര്യം പ്രകടിപ്പിച്ചു. മനോരോഗങ്ങളുടെ ഫലമായി മനോവേദനയും ശരീരപീഡയും മാനഹാനിയും ധനനഷ്ടവും

നേരിടേണ്ടിവന്നിരുന്ന പലർക്കും അദ്ദേഹം നല്കിയ ആശ്വാസം അപരിമിതമായിരുന്നു.

ക്രമേണ ഒരു ഐതിഹ്യപുരുഷന്റെ പ്രഭാമണ്ഡലം അദ്ദേഹം ആർജിച്ചതു് ഇങ്ങനെയാണ്. ഏതു കാര്യത്തിലുമുള്ള അദ്ദേഹത്തിന്റെ കണിശവും ചിട്ടയും ജനങ്ങളുടെ ആദരാത്ഭുതങ്ങൾ പിടിച്ചുപറ്റി. എം. സി. യുടെ ദിനചര്യകൾ നോക്കി വാച്ചിലെ സമയം ശരിപ്പെടുത്താമെന്ന് ഇരിങ്ങാലക്കുടയിലെ ഒരു സുഹൃത്തു് പണ്ടു പറഞ്ഞതു ഞാനിപ്പോഴും ഓർക്കുന്നു.

ഇക്കഴിഞ്ഞ ഒക്ടോബർ 26-ാം തീയതി അദ്ദേഹം അന്തരിച്ചു. അനശ്വരമായ ആത്മാവിൽ വിശ്വസിക്കാതിരുന്ന അദ്ദേഹത്തിന്റെ മരണാനന്തരം ചടങ്ങു പ്രകാരമുള്ള ശവസംസ്കാരം നടത്തുന്നതു വിരോധിച്ചിരുന്നു. ശവശരീരത്തിൽ പുഷ്പങ്ങൾ അർപ്പിക്കുന്നതിനുപോലും അദ്ദേഹം എതിരായിരുന്നു. ജീവനറ്റ ശരീരംകൊണ്ടു് സമൂഹത്തിനു ലഭിക്കാവുന്ന ഏററവും മികച്ച നേട്ടം, വിദ്യാർത്ഥികൾക്കു ശരീരസംരചന പഠിക്കുന്നതിന് അതു് ഉപയോഗപ്പെടുത്താമെന്നതാണല്ലോ. പുലിയുടെ വിശപ്പു മാററാൻ സ്വശരീരം സമർപ്പിച്ച ബോധിസത്വനെപ്പോലെ, വിദ്യാർത്ഥികളുടെ ജ്ഞാനതൃഷ്ണ ശമിപ്പിക്കാൻ അദ്ദേഹം തന്റെ ശരീരം വിട്ടുകൊടുത്തു. അങ്ങനെയാണ് ആ ശരീരം വിദ്യാർത്ഥികളുടെ 'കഡാവർ' ആയി മാറിയതു്.

ധീരനായ ഈ യുക്തിവാദിയുടെ ചരമത്തെപ്പററി എഴുതുമ്പോൾ ഉപനിഷത്തിലെ ഒരു പദ്യം ഞാൻ ഉദ്ധരിക്കുന്നതു വായനക്കാർ പൊറുക്കുമാറാകണം:

'വായുരനിലമമൃതം
അഥേദം ഭസ്മാന്തം ശരീരം
ഓം ക്രതോസ്മര കൃതംസ്മര
ക്രതോസ്മര കൃതംസ്മര.'

'പ്രാണവായു നിത്യമായ പ്രപഞ്ചവായുവിൽ ലയിച്ചു കഴിഞ്ഞു. പിന്നീടു് ഈ ശരീരം ഭസ്മമായി അവസാനിച്ചു. അല്ലയോ ചിന്താശീലനായ മനുഷ്യാ, ഇനി നീ മരിച്ചുപോയ ഈ വ്യക്തി ചെയ്ത കർമങ്ങളെ ഓർമിക്കുക!'

അഭിവന്ദ്യനായ എം. സി., അങ്ങയുടെ മഹനീയങ്ങളായ കർമങ്ങളെ ഞങ്ങൾ ഓർമിക്കുന്നു.

2 നവംബർ, 1981

## 99. കെ. പി. കേശവമേനോൻ: കേരളത്തിന്റെ കാരണവർ

1978 സെപ്തംബർ 1-ാം തീയതി ശ്രീ കെ. പി. കേശവമേനോന് തൊണ്ണൂററിരണ്ടു വയസ്സു തികയും. തൊണ്ണൂററിരണ്ടു വയസ്സു തികഞ്ഞവർ കേരളത്തിൽ വേറെയും ധാരാളമുണ്ടായിരിക്കാം. എന്നാൽ, കേശവമേനോനെപ്പോലെ ഒരാൾ കേശവമേനോൻ മാത്രമേയുള്ളു.

'എനിക്കു വയസ്സായെങ്കിലും ഞാൻ വയസ്സനായിട്ടില്ല' എന്നു് കേശവമേനോൻ സാധാരണ പറയാറുണ്ടു്. ഏതാനും വർഷം മുമ്പുവരെ ഇതു് ഏറെക്കുറെ ശരിയായിരുന്നു. ഇരുപതു വർഷം മുമ്പ്, 1958-ൽ അദ്ദേഹത്തിന്റെ കാഴ്ചശക്തി മങ്ങി എന്നതു ശരിയാണ്. പിന്നീടതു പൂർണ